ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 20.03.2025**

## പ്രധാനവാർത്തകൾ

1. മണ്ഡല പുനർനിർണയ നീക്കത്തിനെതിരെ പാർലമെൻറിൽ ഡിഎംകെ പ്രതിഷേധം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

2. അങ്കൺവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്.

3. ആശാ പ്രവർത്തകരുടെ ആവശ്യങ്ങൾ അറിയിച്ച് കേന്ദ്രസർക്കാരിന് നിവേദനം നൽകി ആരോഗ്യമന്ത്രി വീണാ ജോർജ്. ആശമാർക്ക് സമരപ്പന്തലിലെത്തി പിന്തുണ അറിയിച്ച് പ്രതിപക്ഷ എംഎൽഎമാർ.

4. നിയമസഭ പാസാക്കിയ വയോജന കമ്മീഷൻ ബിൽ സംസ്ഥാനത്ത് വയോജനസംരംക്ഷണം യാഥാർത്ഥ്യമാക്കുമെന്ന് മന്ത്രി ആർ ബിന്ദു.

5. ഖേലോ ഇന്ത്യ പാരാ ഗെയിംസ് രണ്ടാം പതിപ്പിന് ന്യൂഡൽഹിയിൽ തുടക്കം.

6. സംസ്ഥാനത്ത് കടുത്ത ചൂട് തുടരുന്നു. അൾട്രാ വയലറ്റ് സൂചികയിൽ ഉയർന്ന തോത് രേഖപ്പെടുത്തി കൊല്ലം ജില്ല.

**************************************

## പാർലമെന്റ്

ദക്ഷിണേന്ത്യയിലെ മണ്ഡല പുനർനിർണയ നീക്കത്തിനെതിരെ പാർലമെൻറിൽ ഡിഎംകെ പ്രതിഷേധം. ബഹളത്തെ തുടർന്ന് ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. രണ്ട് മണി വരെ നിർത്തിവെച്ച നടപടി ക്രമങ്ങൾ പുനരാരംഭിച്ചപ്പോഴും പ്രതിപക്ഷം ബഹളം തുടരുകയായിരുന്നു. മണ്ഡല പുനർനിർണയത്തിനെതിരായ മുദ്രാവാക്യങ്ങൾ പതിപ്പിച്ച ടി-ഷർട്ട് ധരിച്ചാണ് ഡിഎംകെ എംപിമാർ പ്രതിഷേധിച്ചത്. സഭയുടെ അന്തസ്സിനെ ഹനിക്കുന്ന ചട്ടവിരുദ്ധമായ നടപടിയാണിതെന്ന് പറഞ്ഞ ലോക്സഭാ സ്പീക്കർ ഓംബിർള അംഗങ്ങളോട് സഭയുടെ പുറത്തുപോകാൻ ആവശ്യപ്പെട്ടു. രാജ്യസഭയിലും സമാനമായ പ്രതിഷേധത്തെ തുടർന്ന് നടപടികൾ നിർത്തിവയ്ക്കുകയായിരുന്നു.

RNU TVPM

***************************************

## നിയമസഭാ വാക്കൗട്ട്

അങ്കൺവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. പ്രതിമാസ വേതനം 21,000 രൂപയാക്കണം എന്നതടക്കമുള്ള ആവശ്യങ്ങൾ പരിഗണിക്കണമെന്ന് പ്രതിപക്ഷം സഭയിൽ ആവശ്യപ്പെട്ടു. ആശ പ്രവർത്തകരെ പോലെ അങ്കൺവാടി ജീവനക്കാരെയും സർക്കാർ ബുദ്ധിമുട്ടിക്കുന്നതായി ഉപക്ഷേപത്തിന് നോട്ടീസ് നൽകിയ പ്രതിപക്ഷ എംഎൽഎ നജീബ് കാന്തപുരം കുറ്റപ്പെടുത്തി. അങ്കൺവാടി ജീവനക്കാരുടെ ജോലി ഭാരത്തിൽ കഴിഞ്ഞ 10 വർഷത്തിൽ വലിയ വർധന ഉണ്ടായതായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. കേന്ദ്ര സർക്കാർ നിശ്ചയിച്ച ഓണറേറിയം 2700 രൂപ മാത്രമാണെങ്കിലും, അങ്കൺവാടി

വർക്കർമാർക്ക് 13,000 രൂപ വരെയും, ഹെല്പർമാർക്ക് 9,000 വരെയും ഓണറേറിയം സംസ്ഥാന സർക്കാർ നൽകുന്നുണ്ടെന്ന് മന്ത്രി പി. രാജീവ് മറുപടി നൽകി. അങ്കൺവാടി ജീവനക്കാരുടെ മറ്റ് ആവശ്യങ്ങളിൽ കേന്ദ്ര സർക്കാർ ആണ് തീരുമാനം എടുക്കേണ്ടതെന്നും മന്ത്രി പറഞ്ഞു.

**************************************

ആശാ സമരം - ഇൻട്രോ

സംസ്ഥാനത്ത് 39 ദിവസമായി സമരം ചെയ്യുന്ന ആശാ പ്രവർത്തകരുടെ ആവശ്യങ്ങൾ അറിയിച്ചുകൊണ്ട് കേന്ദ്രസർക്കാരിന് നിവേദനം നൽകിയതായി ആരോഗ്യമന്ത്രി വീണാ ജോർജ്. ആവശ്യങ്ങൾ കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി നഡ്ഡയെ നേരിൽ ധരിപ്പിക്കുന്നതിനായി ശ്രീമതി വീണാ ജോർജ് ഇന്ന് ന്യൂഡൽഹിയിലെത്തിയെങ്കിലും, മന്ത്രിയെ കാണാൻ അവസരം ലഭിച്ചിരുന്നില്ല.

RNUTVPM

(ഹോൾഡ്)

അതേസമയം ആശമാരുടെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻറെ നേതൃത്വത്തിൽ യുഡിഎഫ് എംഎൽഎ മാർ ഇന്ന് സമരപ്പന്തലിലെത്തി. നിയമസഭാ നടപടികൾ ബഹിഷ്കരിച്ച ശേഷം, പ്രതിഷേധ മാർച്ച് നടത്തിയാണ് എംഎൽഎമാർ സെക്രട്ടേറിയേറ്റിനു മുന്നിലെത്തിയത്. മുഖ്യമന്ത്രി മുൻകൈയെടുത്ത് പ്രശ്നം പരിഹരിക്കണമെന്ന് ശ്രീ വി.ഡി സതീശൻ ആവശ്യപ്പെട്ടു. ആശാപ്രവർത്തകർ സെക്രട്ടേറിയേറ്റിനു മുന്നിൽ ഇന്നു മുതൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചിരുന്നു.

************************************

## ആർ ബിന്ദു - ഇൻട്രോ

നിയമസഭ പാസാക്കിയ കേരള വയോജന കമ്മീഷൻ ബിൽ സംസ്ഥാനത്ത് വയോജനസംരംക്ഷണം യാഥാർത്ഥ്യമാക്കുമെന്ന് മന്ത്രി ആർ ബിന്ദു. വയോജന കമ്മീഷൻ രൂപീകരിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറുമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. അർദ്ധ ജുഡീഷ്യൽ അധികാരങ്ങളോട് കൂടിയ കമ്മീഷൻ സംസ്ഥാനത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തെ ഗണ്യമായി സ്വാധീനിക്കുമെന്നും മന്ത്രി വ്യക്തമാക്കി.
(വോയിസ്)

വയോജന കമ്മീഷൻ ബില്ലിന് ഇന്നലെയാണ് സംസ്ഥാന നിയമസഭ അംഗീകാരം നൽകിയത്.

RNU TVPM

************************************

## സപ്ലൈകോ - കെ എൻ ബാലഗോപാൽ

സിവിൽ സപ്ലൈസ് കോർപറേഷന് വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപ അനുവദിച്ച് സംസ്ഥാന സർക്കാർ. വിഷു, റംസാൻ കാലത്ത് അവശ്യ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ഒഴിവാക്കാനുള്ള പ്രവർത്തനങ്ങളെ സഹായിക്കാനാണ് തുക ലഭ്യമാക്കുന്നത്.

************************************

## ഓപ്പറേഷൻ ഡി-ഹണ്ട്

ഓപ്പറേഷൻ ഡി-ഹണ്ടിൻറെ ഭാഗമായി ഇന്നലെ സംസ്ഥാനവ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ

നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 190 കേസുകൾ രജിസ്റ്റർ ചെയ്തു. 197 പേരാണ് അറസ്റ്റിലായത്. എം.ഡി.എം.എ, കഞ്ചാവ് തുടങ്ങിയ മാരക മയക്കുമരുന്നുകൾ ഇവരിൽ നിന്ന് പിടിച്ചെടുത്തു.

************************************

## ഛത്തീസ്ഗഡ് മാവോയിസ്റ്റ്

ഛത്തീസ്ഗഡിലെ ബിജാപൂർ ജില്ലയിൽ രണ്ടിടങ്ങളിലായി നടന്ന ഏറ്റുമുട്ടലിൽ 30 മാവോയിസ്റ്റുകളെ സുരക്ഷാ സേന വധിച്ചു. ഏറ്റുമുട്ടലിൽ ഒരു ജവാൻ വീരമൃത്യു വരിച്ചു. ബിജാപൂർ, ദന്തേവാഡ ജില്ലകളിലെ വനമേഖലയിൽ മാവോയിസ്റ്റ് സാന്നിധ്യമുണ്ടെന്ന ഇന്റലിജൻസ് വിവരത്തെത്തുടർന്ന് സുരക്ഷാ സേന നടത്തിയ പരിശോധനയ്ക്കിടെയാണ് ഏറ്റുമുട്ടലുണ്ടായത്.

RNU TVPM

************************************

## കെ ഇ ഇസ്മായിൽ

മുതിർന്ന സി പി ഐ നേതാവ് കെ ഇ ഇസ്മായിലിനെ പാർട്ടിയിൽ നിന്നും ആറ് മാസത്തേക്ക് സസ്പെൻഡ് ചെയ്യാൻ സി പി ഐ എക്സ്ക്യൂട്ടിവ് ശിപാർശ ചെയ്തു. സി പി ഐ നേതാവ് പി രാജുവിൻറെ മരണത്തിന് പിന്നാലെ കെ ഇ ഇസ്മായിൽ നടത്തിയ പ്രസ്താവനയിലാണ് നടപടി.

************************************

## SET- പരീക്ഷാ ഫലം

സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് **-SET** പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. 20.07 ആണ് വിജയ ശതമാനം. പരീക്ഷാ

ഫലം www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

***********************************

## ആർ ബിന്ദു - ആശ്വാസം

സ്വയംതൊഴിൽ വായ്പയ്ക്ക് ഈടുവെയ്ക്കാൻ ഭൂമിയോ മറ്റു വസ്തുവകകളോ ഇല്ലാത്ത ഭിന്നശേഷിക്കാരായ 140 പേർക്ക് 25,000 രൂപ വീതം അനുവദിച്ച് ഉത്തരവായതായി മന്ത്രി ആർ ബിന്ദു. ആശ്വാസം സ്വയംതൊഴിൽ സംരംഭ സഹായപദ്ധതി വഴി 35 ലക്ഷം രൂപയാണ് അനുവദിച്ചത്.

***********************************

## ആകാശവാണി - കാവ്യപഥം

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷികത്തോട് അനുബന്ധിച്ച് തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ നാളെ കാവ്യപഥം കവിതാ ശില്പശാല സംഘടിപ്പിക്കുന്നു. പ്രശസ്ത കവി വി മധുസൂദനൻ നായർ ശില്പശാല ഉദ്ഘാടനം ചെയ്യും. ആകാശവാണി തിരുവനന്തപുരം പ്രോഗ്രാം മേധാവി വി. ശിവകുമാർ മുഖ്യപ്രഭാഷണം നടത്തും.

RNU TVPM

***********************************

## ഖേലോ ഇന്ത്യ പാരാ ഗെയിംസ്

ഖേലോ ഇന്ത്യ പാരാ ഗെയിംസ് രണ്ടാം പതിപ്പിന് ന്യൂഡൽഹിയിൽ തുടക്കമായി. ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ ഉദ്ഘാടനം നിർവഹിച്ചു. മൂന്ന് വേദികളിലായി ഈ മാസം 27 വരെ നടക്കുന്ന ഗെയിംസിൽ, 1,300 ലേറെ പാരാ അത്ലറ്റുകൾ മാറ്റുരയ്ക്കും.

**************************************

## ചൂട്

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. എട്ട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകി. കൊല്ലം ജില്ലയിലാണ് അൾട്രാ വയലറ്റ് സൂചികയിൽ ഏറ്റവും ഉയർന്ന തോത് രേഖപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നും കാലാവസ്ഥാ വിഭാഗം മുന്നറിയിപ്പ് നൽകി.

**************************************

## ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 899 പോയിന്റ് ഉയർന്ന് 76,348 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 283 പോയിന്റ് നേട്ടത്തിൽ 23,190 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

RNU TVPM

**************************************

## ഉത്തേജക ഗുളിക - അറസ്റ്റിൽ

ഉത്തേജക ഗുളിക ചേർത്ത മുറുക്കാൻ വിൽപ്പന നടത്തിയ ബിഹാർ പട്ന സ്വദേശിയെ തൊടുപുഴയിൽ പോലീസ് അറസ്റ്റ് ചെയ്തു. ഉത്തേജക ഗുളികളുടെ വലിയ ശേഖരവും പോലീസ് റെയ്ഡിൽ കണ്ടെത്തി. പട്നയിൽ നിന്നും 40 വർഷം മുമ്പ് കേരളത്തിലെത്തിയ മുഹമ്മദ് താഹിറാണ് അറസ്റ്റിലായത്.

**************************************

## അനധികൃത മത്സ്യ ബന്ധനം

എറണാകുളത്ത് അനധികൃത മത്സ്യബന്ധനം നടത്തിയ ബോട്ടുടമകൾക്കെതിരെ കർശന നടപടിയെടുത്ത് ഫിഷറീസ് - മറൈൻ എൻഫോഴ്സ്മെന്റ്. ബോട്ടുകളും, 5000 കിലോ കുഞ്ഞു മത്സ്യങ്ങളും ഇതിൻറെ ഭാഗമായി പിടിച്ചെടുത്തു. കടലിന്റെ ആവാസ വ്യവസ്ഥ തകർക്കുന്ന രീതിയിൽ കണ്ണി വലിപ്പം കുറഞ്ഞ വല ഉപയോഗിച്ചാണ് ഇവർ മത്സ്യ ബന്ധനം നടത്തിയത്.

************************************

## പാലക്കാട് -മൂന്ന് പേർ പിടിയിൽ

പാലക്കാട് ശിരുവാണിയിൽ കടുവയെ വെടിവെച്ച് കൊന്ന് ഇറച്ചിയും നഖവും ശേഖരിച്ച മൂന്ന് പേർ പിടിയിൽ. മണ്ണാർക്കാട് പാലക്കയം സ്വദേശി ജോസ്, ഇഞ്ചിക്കുന്ന് സ്വദേശി വിനോദ്, ചീനിക്കപ്പാറ സ്വദേശി ബിജു എന്നിവരാണ് പിടിയിലായത്.

************************************

RNU TVPM

## നോർക്ക മീറ്റ്

ആന്ധപ്രദേശിലെ പ്രവാസി മലയാളികളെ പങ്കെടുപ്പിച്ച് നോർക്ക റൂട്ട്സ് നടത്തുന്ന NRK മീറ്റ് മറ്റെന്നാൾ നടക്കും. വിശാഖപട്ടണം കേരള കലാ സമിതി ഹാളിൽ വൈകുന്നേരമാണ് പരിപാടി. നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ മീറ്റ് ഉദ്ഘാടനം ചെയ്യും.

************************************

## ലോക വന ദിനം

ലോക വനദിനത്തോടനുബന്ധിച്ച് സംസ്ഥാന വനംവകുപ്പ് സംഘടിപ്പിക്കുന്ന പരിപാടികളുടെ ഉദ്ഘാടനം മന്ത്രി എ.കെ ശശീന്ദ്രൻ നാളെ തിരുവനന്തപുരത്തെ വനം വകുപ്പ് ആസ്ഥാനത്ത് നിർവഹിക്കും. വനമിത്ര പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്യും.

*****************************************************

***********************************

*********************

RNU TVPM